(സി) അതെ.

(ഡി) പ്രകൃതിക്കും ജനങ്ങൾക്കും ദോഷകരമായ വ്യവസായങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ അനുമതി നൽകാറില്ല. പ്രകൃതിക്കും ജനങ്ങൾക്കും ദോഷകരമായി പ്രവർത്തിക്കുകയാണെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത വ്യവസായത്തിനെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കും.

(ഇ) ബന്ധപ്പെട്ട പഞ്ചായത്ത് പ്രസ്തുത കമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതായി അറിയുന്നു. കൂടാതെ ഫാക്ടറിയിൽ നിന്നുള്ള ഖരപാഴ്വസ്തു പുറത്തുവിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതായും വിശദമായ പഠനം നടത്തിയതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയുന്നു.

വി.എസ്.എസ്.സി.-യുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ നടപടി

21 [5577] ശ്രീ. വർക്കല കഹാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. എസ്. എസ്. സി.-യുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ കെൽട്രോണിന് പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കെൽട്രോണിന് എന്തെല്ലാം ഉത്തരവാദിത്വമുണ്ട്;

(സി) ഈ പദ്ധതി കെൽട്രോണിന്റെ ബാദ്ധ്യതകൾ സാരമായി കുറയ്ക്കുവാൻ സഹായകമാകുമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി മൂലം കെൽട്രോണിന് എന്ത് വരവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെൽട്രോണും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് 'കെൽട്രാക്ക്' എന്ന പുതിയ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. വി. എസ്. എസ്. സി.-യുടെ ചില മെഷീനുകൾ പ്രസ്തുത കെൽട്രാക്കിനു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ ഈ മെഷീനുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെൽട്രോണിന് പ്രത്യേകിച്ച് ഉത്തരവാദിത്വമൊന്നുമില്ല. എന്നാൽ 'കെൽട്രാക്ക്' വിദ്യാർത്ഥികൾക്ക് ഹ്രസ്വ-ദീർഘകാല അഡ്വാൻസ് കോഴ്സുകൾ നടത്തി പരിശീലനം നൽകുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി, ഡി) (ബി) വിഭാഗത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ടി. ടി. പി.-യുടെ ഉല്പന്നം നേരിട്ട് വിൽക്കുന്നതിന് അനുവദിച്ച നടപടി

22 [5578] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, ലൂഡി ലൂയിസ്:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. ടി. പി.-യുടെ ഉല്പന്നം ടി. ടി. പി. നേരിട്ട് വിൽക്കുന്നതിന് അനുവദിച്ചത് എന്നുമുതലാണെന്ന് വെളിപ്പെടുത്താമോ;

(ബി) അപ്രകാരം ചെയ്തതിന്റെ ഫലമായി ടി. ടി. പി.-ക്കുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(സി) ടി. ടി. പി.-യെ സ്വന്തമായി ഉല്പന്നങ്ങൾ വിൽക്കുവാൻ അനുവദിച്ചിട്ടുണ്ടെന്ന കാര്യം ഉല്പന്നം വാങ്ങുന്ന ഇടപാടുകാരെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഇ) ടി. ടി. പി. ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുവാൻ ടി. ടി. പി.-യെ അനുവദിച്ചതിനുശേഷം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രെയിനിംഗ് കോർപ്പറേഷൻ വഴി എന്ത് തുകയ്ക്കുള്ള ടി.ടി.പി. ഉല്പന്നം വിറ്റു;

(എഫ്) ഇതേ കാലയളവിൽ ടി. ടി. പി. നേരിട്ട് എന്ത് വിലയ്ക്കുള്ള ഉല്പന്നങ്ങൾ വിറ്റുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 7-3-2003 മുതലാണ്.

(ബി) ഇരട്ട വില്പന നികുതിഭാരം ഒഴിവായതുമൂലം ടി.ടി.പി.-യുടെ ഉല്പന്നങ്ങളുടെ കമ്പോളവില ഇന്ത്യയിലെ ഇതര ടൈറ്റാനിയം ഉല്പന്നങ്ങളുടെ വിലയുമായി വിപണിയിൽ മത്സരിക്കാവുന്ന നിലയിലേക്ക് താഴ്ന്നുവന്നു. കൂടാതെ ഉപഭോക്താവുമായി ടി.ടി.പി.-ക്ക് ഇടനില ഏജൻസി മുഖേനയല്ലാതെ നേരിട്ട് ബന്ധപ്പെടാനും

LIBRARY ARCHIVES Kerala Legislative Assembly